**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5316** **21-07-2022 - ൽ മറുപടിയ്ക്ക്**

**ആശ്വാസകിരണം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 2018-22 കാലയളവിൽ ആശ്വാസകിരണം പദ്ധതിയിൽ ഉൾപ്പെടുന്നതിനായി ആലത്തൂർ മണ്ഡലത്തിൽ നിന്നും ലഭിച്ചിട്ടുള്ള അപേക്ഷകളുടെ വിവരം അറിയിക്കാമോ; | (എ) | നിയമസഭാ മണ്ഡലങ്ങൾ അടിസ്ഥാനപ്പെടുത്തി അപേക്ഷകരുടെ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതാണ്. അതിനാൽ 2018-2022 കാലയളവിൽ ആലത്തൂർ മണ്ഡലത്തിൽ നിന്നുമാത്രമായി ലഭിച്ച അപേക്ഷകൾ തിട്ടപ്പെടുത്തിയിട്ടില്ലാത്തതാണ്. 11.10.2012 തീയതിയിലെ സ.ഉ (എം.എസ്) നം.60/2012/ സാക്ഷേവ പ്രകാരം ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ, എന്നിവയ്ക്ക് പുറമെ 100% അന്ധത ബാധിച്ചവരെയും ,പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായി. തന്മൂലം പ്രസ്തുത പദ്ധതിയിലെ അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തിനെക്കാൾ കൂടുതൽ തുക പദ്ധതിക്ക് ആവശ്യമായി വരുന്ന സാഹചര്യം സംജാതമാകുകയും ചെയ്തു. ആയതിനാൽ ഈ പദ്ധതിയിൽ 2018 മാർച്ച് മാസം വരെ ലഭിച്ച അപേക്ഷകളിന്മേലാണ് തീർപ്പ് കൽപ്പിച്ചിട്ടുള്ളത്. 2018 ഏപ്രിൽ മുതലുള്ള അപേക്ഷകളിൽ തീർപ്പ് കല്പിക്കാൻ സാധിച്ചിട്ടില്ല.<br><br>അപേക്ഷകരുടെ എണ്ണം വർഷം തോറും ക്രമാതീതമായി വർദ്ധിക്കുന്നത് മൂലം ബഡ്ജറ്റ് വിഹിതത്തിനു പുറമേ അധിക ധനവിനിയോഗം ആവശ്യമായി വരുന്നുണ്ട്. അധിക തുക ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ചിട്ടുള്ളവയുടെ എണ്ണം വ്യക്തമാക്കുമോ; ശേഷിക്കുന്ന അപേക്ഷകൾക്ക് എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ അറിയിക്കാമോ; അവ എന്നത്തേക്ക് തീർപ്പ് കൽപ്പിക്കാനാകുമെന്ന് അറിയിക്കാമോ? | (ബി) | നിയമസഭാ മണ്ഡലങ്ങൾ അടിസ്ഥാനപ്പെടുത്തി അപേക്ഷകരുടെ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതാണ്. അതിനാൽ 2018-2022 കാലയളവിൽ ആലത്തൂർ മണ്ഡലത്തിൽ നിന്നുമാത്രമായി ലഭിച്ച അപേക്ഷകൾ തിട്ടപ്പെടുത്തിയിട്ടില്ലാത്തതാണ്. 11.10.2012 തീയതിയിലെ സ.ഉ (എം.എസ്) നം.60/2012/ സാക്ഷേവ പ്രകാരം ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ, എന്നിവയ്ക്ക് പുറമെ 100% അന്ധത ബാധിച്ചവരെയും ,പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായി. തന്മൂലം പ്രസ്തുത പദ്ധതിയിലെ അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തിനെക്കാൾ കൂടുതൽ തുക പദ്ധതിക്ക് ആവശ്യമായി വരുന്ന സാഹചര്യം സംജാതമാകുകയും ചെയ്തു. ആയതിനാൽ ഈ പദ്ധതിയിൽ 2018 മാർച്ച് മാസം വരെ ലഭിച്ച അപേക്ഷകളിന്മേലാണ് തീർപ്പ് കൽപ്പിച്ചിട്ടുള്ളത്. 2018 ഏപ്രിൽ മുതലുള്ള അപേക്ഷകളിൽ തീർപ്പ് കല്പിക്കാൻ സാധിച്ചിട്ടില്ല.<br><br>അപേക്ഷകരുടെ എണ്ണം വർഷം തോറും ക്രമാതീതമായി വർദ്ധിക്കുന്നത് മൂലം ബഡ്ജറ്റ് വിഹിതത്തിനു പുറമേ അധിക ധനവിനിയോഗം ആവശ്യമായി വരുന്നുണ്ട്. അധിക തുക ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ